പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.90 — 09-06-2014-ൽ മറുപടിക്ക്

## മദ്യവിമുക്ത കേരളം പദ്ധതി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>" ഷാഫി പറമ്പിൽ:<br>" ഐ. സി. ബാലകൃഷ്ണൻ:<br>" പി. സി. വിഷ്ണുനാഥ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മദ്യവിമുക്ത കേരളം പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം, വിവിധ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മദ്യ വിമുക്തമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി, മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടം ഘട്ടമായി 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | സ്കൂൾ-കോളേജ് ക്യാമ്പസ്സുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടികൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടേയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാന്മാരാക്കാൻ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1011 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ നൂറോളം ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സ്കൂൾ കരിക്കുലം കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്. മദ്യ-മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി എഫ്.എം.റേഡിയോ, സി.സി.ടി.വി., മാസികകൾ, ടി.വി. ചാനലുകൾ എന്നിവ വഴിയുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പരസ്യം, പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, മാജിക്ഷോ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ഡി) | സന്നദ്ധ സംഘടനകൾ, സർക്കാർ മാധ്യമങ്ങൾ എന്നിവയുടെ സഹകരണം പ്രസ്തുത പരിപാടിക്ക് പ്രയോജനപ്പെടുത്തുമോ? | (ഡി) | ബോധവൽക്കരണ പരിപാടികളിൽ സന്നദ്ധ സംഘടനകളുടേയും, സർക്കാർ മാധ്യമങ്ങളുടേയും പങ്കാളിത്തം ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ആഫീസർ